# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.443

### 29-10-2019 ൽ മറുപടിക്ക്

### കിഫ്ബി മുഖേന തീരദേശ ഹൈവേ

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| കിഫ്ബി മുഖേന തീരദേശ ഹൈവേ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടേതാണ് ഭരണാനുമതി എന്നറിയിക്കാമോ? | 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 9 തീരദേശ ജില്ലകളിലായി 630 കി.മി. ദൈർഘ്യത്തിൽ തീരദേശ ഹൈവേയുടെ നിർമാണം ആരംഭിയ്ക്കുമെന്നും, പ്രസ്തുത തീരദേശ പാതയ്ക്ക് കിഫ് ബി 6500 കോടി രൂപ നിക്ഷേപിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. അതിൻ പ്രകാരം 10/ 07 / 2017 ലെ സ.ഉ.(സാധാ) നം. 942/ 2017 /PWD പ്രകാരം തീരദേശ ഹൈവേ പദ്ധതി കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിലേയ്ക്കായി ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ഇതിൽ ആദ്യ ഘട്ടമായി, തീരദേശ ഹൈവേ പദ്ധതിയിൽ ഉൾപ്പെടുന്ന മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ ജംഗ്ഷൻ വരെയുള്ള സ്ട്രെച്ചിനു (km 0/000 to 15/000), 52.78 കോടി രൂപയ്ക്കുള്ള അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. |

P.A. [signature]

ജോയിന്റ് സെക്രട്ടറി